**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - ലോക്കൽ ഫണ്ട് ഓഡിറ്റ് പാലക്കാട് ജില്ലാ ഓഫീസിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ.കെ.മോഹൻറാമിനെതിരെയുള്ള പരാതിയിന്മേൽ അന്വേഷണം നടത്തിയതിലെ ക്രമക്കേട് - പാലക്കാട് അസിസ്റ്റന്റ് ഡെവലപ് മെന്റ് കമ്മീഷണർ (ജനറൽ) ആയിരുന്ന ശ്രീ.വി.എം.അബ്ദുൾ കാജക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ്(സാധാ)നമ്പർ. 1540/2015/തസ്വഭവ, തിരുവനന്തപുരം,തീയതി, 2505.2015

---

പരാമർശം :- 1. ധനകാര്യ വകുപ്പിന്റെ 17.05.2014 തീയതിയിലെ 40765/എസ്റ്റാഡി1/13/ധന. നമ്പർ അനൌദ്യോഗികക്കുറിപ്പ്.

2. ശ്രീ.വി.എം.അബ്ദുൾ കാജക്ക് 16.08.2014 തീയതിയിൽനൽകിയ 33742/ ഇആർബി1/2014/ തസ്വഭവ നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.

3. ശ്രീ.വി.എം.അബ്ദുൾ കാജ, സമർപ്പിച്ച 30.09.2014 തീയതിയിലെ പ്രതിവാദപത്രിക.

4. ഗ്രാമവികസന കമ്മീഷണറുടെ 10.03.2015 തീയതിയിലെ 18111/എസ്റ്റാഎ 3/2014/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലേക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പാലക്കാട് ജില്ലാ ഓഫീസിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന കാലയളവിൽ ശ്രീ.കെ.മോഹൻറാം തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുവെന്ന പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ.വി.എം.അബ്ദുൾകാജ, എ.ഡി.സി.(ജനറൽ)-നെ ചുമതലപ്പെടുത്തിയിരുന്നതായും, ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ എന്ന നിലയിലുള്ള ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ പ്രഥമദൃഷ്ട്യാ വീഴ്ച വരുത്തിയതായി ബോധ്യപ്പെട്ടിട്ടില്ലായെന്ന് ടിയാന്റെ അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നതായും, എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടറായ ശ്രീ.എസ്.ബാബുവിന്റെ അന്വേഷണ റിപ്പോർട്ട് ശ്രീ.വി.എം.അബ്ദുൾകാജയുടെ റിപ്പോർട്ടിന് വിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി ധനകാര്യ ഇൻസ്പെക്ഷൻ വിംഗിനോട് ശ്രീ.മോഹൻ റാമിനെതിരെയുള്ള പരാതിയിന്മേൽ അന്വഷണ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയുണ്ടായെന്നും,ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ട് അനുസരിച്ച്

ശ്രീ.മോഹൻ റാം ഒറ്റപ്പാലം മുനിസിപ്പാലിറ്റി ജീവനക്കാരുടെ ശമ്പള നിർണ്ണയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിക്കാതെ സ്വന്തം നിലയ്ക്ക് ക്രമവിരുദ്ധമായും, ചട്ടവിരുദ്ധമായും ശമ്പള നിർണ്ണയം അംഗീകരിച്ച് നൽകിയതായി കണ്ടെത്തുകയും, ശ്രീ.മോഹൻ റാമിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തതായും, ശ്രീ.മോഹൻ റാമിനെതിരെ ആദ്യം അന്വേഷണം നടത്തിയ പാലക്കാട് എ.ഡി.സി.(ജനറൽ) ശ്രീ.വി.എം.അബ്ദുൾ കാജ, സർക്കാർ ചുമതലപ്പെടുത്തി ഏൽപ്പിച്ച ചുമതല ഉത്തരവാദിത്വപൂർവ്വം നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതിനാൽ ടിയാന്റെ വിശദീകരണം വാങ്ങി പരിശോധിച്ചതിൽ നിന്നും ടിയാന്റെ ഭാഗത്തു നിന്നും കൃത്യ നിർവ്വഹണത്തിൽ വീഴ്ച വന്നിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ ടിയാനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുവാനും പരാമർശം (1) പ്രകാരം ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നു.

ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് അസിസ്റ്റന്റ് ഡെവലപ് മെന്റ് കമ്മീഷണർ, ശ്രീ.വി.എം.അബ്ദുൾ കാജ, -ക്കെതിരെ പരാമർശം (2) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും, ആയതിന് ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുമുണ്ടായി.

ശ്രീ.മോഹൻറാമിനെതിരെയുള്ള ഒരു പരാതിയെപ്പറ്റി അന്വേഷണം നടത്തുന്നതിന് ടിയാനോട് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നതായും, അന്വഷണത്തിന് ആധാരമായ പരാതിയുടെയും ആദ്യ അന്വേഷകനായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ, ശ്രീ.എസ്.ബാബുവിന്റെ അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പ് ടിയാന് നൽകിയിരുന്നതായും, എന്നാൽ CC&A ചട്ടങ്ങൾ പ്രകാരം ടിയാനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് കൊണ്ടുള്ള ഉത്തരവുകളോ,, ഫയലുകളോ, റിക്കാർഡുകളോ പരിശോധിക്കാനുള്ള നിർദ്ദേശമോ നൽകിയിരുന്നില്ലെന്നും, ശ്രീ.മോഹൻറാം ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായുള്ള ആരോപണങ്ങൾക്ക് അടിസ്ഥാനമായ ഗ്രാമപഞ്ചായത്തുകളിലെയും മുൻസിപ്പാലിറ്റിയിലെയും ഓഡിറ്റ് റിപ്പോർട്ടുകളോ, പ്രസ്തുത റിപ്പോർട്ടുകൾക്ക് അടിസ്ഥാനമായ ഫയലുകൾ സംബന്ധിച്ച വിവരങ്ങളൊ ടിയാന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ലെന്നും, ധനവകുപ്പിന് കീഴിലുള്ള ഒരു ഉദ്യോഗസ്ഥനെപ്പറ്റിയുള്ള പരാതി അന്വേഷിക്കുന്നതിന് ഗ്രാമവികസന വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ഭരണ വകുപ്പ് അറിയാതെ നിയമിക്കുകയും, പ്രസ്തുത അന്വേഷണത്തിന് ആവശ്യമായ രേഖകൾ നൽകുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാതിരിക്കുകയുമാണ് ധനവകുപ്പ് ചെയ്തതെന്നും, ടി വിഷയവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥരോട് അന്വേഷണം നടത്തിയതിന്റെ വെളിച്ചത്തിലാണ് ടിയാൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നും, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ജീവനക്കാരുടെ തെറ്റായ ശമ്പള നിർണ്ണയം മൂലം അധികമായി കൈപ്പറ്റിയ തുകകൾ ജീവനക്കാർ തിരികെ അടച്ചതായി ബോധ്യപ്പെട്ട ശേഷമാണ് അവരുടെ ശമ്പള നിർണ്ണയത്തിന് ശ്രീ.മോഹൻ റാം അംഗീകാരം നൽകിയത് എന്നും

ഈ പ്രകാരം ശമ്പള നിർണ്ണയങ്ങൾക്ക് അംഗീകാരം നൽകാൻ അദ്ദേഹത്തിന് Delegated powers vide circular No./LF.20624/R1/2011, dated 27.12.2011 of Deputy Director of Local Fund Audit ഉണ്ടായിരുന്നുവെന്നും, ശ്രീ.മോഹൻറാമിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ അന്വേഷണം നടത്തി ഉത്തമ ബോധ്യം വന്ന വിവരങ്ങളാണ് ടിയാൻ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും, ആയതിനാൽ ടിയാന്റെ വിശദീകരണം സ്വീകരിച്ച് ടിയാനെതിരെയുള്ള തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും ശ്രീ.വി.എം.അബ്ദുൾകാജ സമർപ്പിച്ച പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ.വി.എം. അബ്ദുൾ കാജയുടെ പ്രതിവാദപത്രികയിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ശ്രീ.വി.എം.അബ്ദുൾ കാജ, ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ ഓഫീസിലെ ബന്ധപ്പെട്ട ഫയലുകളോ, പരാതിയിൽ പരാമർശിച്ചിരുന്ന ചെർപ്ലശ്ശേരി ഗ്രാമപഞ്ചായത്ത്, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നീ ഓഫീസുകളിലെ രേഖകളോ പരിശോധിക്കാതെയാണ് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് എന്ന വസ്തുത, പാലക്കാട് അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ ഓഫീസിൽ നിന്ന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും, ശ്രീ.വി.എം.അബ്ദുൾ കാജയെ നേരിൽ കേട്ടപ്പോഴും അറിയാൻ കഴിഞ്ഞതായി ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ അറിയിച്ചിട്ടുള്ളതായും ഉത്തരവാദിത്വപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സർക്കാർ ചുമതലപ്പെടുത്തിയേൽപ്പിച്ച ചുമതല ഉത്തരവാദിത്വപൂർവ്വവും തികഞ്ഞ ഗൌരവത്തോടെയും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാതെ, ലാഘവത്തോടെ റിപ്പോർട്ട് സമർപ്പിച്ചത് ശ്രീ.വി.എം.അബ്ദുൾകാജ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വരുത്തിയ വീഴ്ചയായി, പാലക്കാട് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ അന്വേഷിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വി.എം.അബ്ദുൾ കാജ, ഈ കേസിൽ സർക്കാർ നേരിട്ട് നിയമിച്ച ഒരു അന്വേഷണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാന്റെ ദൌത്യം നിറവേറ്റുന്നതിൽ വീഴ്ച വരുത്തുകയാണ് ചെയ്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് പാലക്കാട് അസിസ്റ്റന്റ് ഡെവലപ് മെന്റ് കമ്മീഷണർ (ജനറൽ) ആയിരുന്ന ശ്രീ.വി.എം.അബ്ദുൾകാജക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി ടിയാന്റെ രണ്ടു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി. ശ്രീകല**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.വി.എം.അബ്ദുൾ കാജ, അസിസ്റ്റന്റ് ഡെവലപ് മെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട് (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,കോഴിക്കോട്

അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, കോഴിക്കോട്

ധനകാര്യ വകുപ്പ്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ